(ബി) ഈ സ്ഥാപനം സൂപ്പർ സ്പെഷ്യാലിറ്റി സെന്റർ ആക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനം സൂപ്പർ സ്പെഷ്യാലിറ്റി സെന്റർ ആക്കാനുള്ള ഉത്തരവ് എന്ന് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുട്ടികൾക്കുള്ള ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ, ജനിതക വളർച്ചാ വൈകല്യങ്ങൾ, പഠന വൈകല്യങ്ങൾ, Attention deficit Hyperactive Disorder (ADHD), ബുദ്ധിമാന്ദ്യം, ഹോർമോൺ വ്യതിയാനങ്ങൾ, സംസാര വൈകല്യങ്ങൾ, വിഷാദരോഗം എന്നിവയ്ക്കെല്ലാം സമഗ്രമായ ആയുർവ്വേദ ചികിത്സ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി&സി) ഈ സ്ഥാപനം സൂപ്പർ സ്പെഷ്യാലിറ്റി സെന്റർ ആക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധിച്ചുവരുന്നു.

## കുറ്റ്യാടി താലൂക്കാശുപത്രി

61(759) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തിയതിന്റെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് പുതിയതായി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 16-11-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 261/2015/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 35 താലൂക്ക് ആശുപത്രികളിൽ പുതുതായി കാഷ്വാൽറ്റി സംവിധാനം അനുവദിക്കുകയും ഡോക്ടർമാരുടെ 148 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിൽ കുറ്റ്യാടി താലൂക്കാശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട് എങ്കിലും നിലവിൽ കാഷ്വാൽറ്റി സംവിധാനത്തിന്റെ ഭാഗമായി പുതിയ സൗകര്യങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. പുതുതായി സൃഷ്ടിച്ചതുൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകിയും സ്ഥലംമാറ്റം വഴിയും പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്.

(ബി) നിലവിൽ ഫണ്ടുകൾ ഒന്നും അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly